തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ) : സർ, ഐ.ആർ.സി. എടുത്തിട്ടുള്ള തീരുമാനം ട്രാക്ടറും മറ്റും ഉപയോഗിച്ച് ഉഴവു നടത്തിയാൽ മാടുകളെ ഉപയോഗിച്ച് ഉഴവു നടത്തുന്ന ആളുകൾക്ക് ജോലി നിഷേധിക്കരുത് എന്നുള്ളതായിരുന്നു. കഴിഞ്ഞ അഞ്ചു വർഷമായി മാടുകളെ ഉപയോഗിച്ച് ഉഴവു നടത്തുന്നില്ല. ട്രാക്ടർ ആയിരുന്നുവെന്നും അഗ്രികൾച്ചറൽ വർക്കേഴ്സ് അക്ടിന്റെ അടിസ്ഥാനത്തിൽ മൂന്നു കൊല്ലം തുടർച്ചയായിട്ട് ജോലി ചെയ്തവരെ മാത്രമേ വർക്കേഴ്സ് ആയി അവർ അംഗീകരിക്കുകയുള്ളൂ എന്നും മറ്റുമുള്ള തർക്കമാണ് ഇവിടെ ഉണ്ടായിരിക്കുന്നത്. ഇതു സംബന്ധിച്ച് നടപടി നടത്തുന്നതിന് ഇന്നയിന്ന വർക്കേഴ്സിനു ജോലി നിഷേധിച്ചിരിക്കുന്നുവെന്നുള്ള ഒരു കംപ്ലെയിന്റ് ആണ് വേണ്ടത്. ലേബർ ഡിപ്പാർട്ടുമെന്റിന് അങ്ങനെയൊരു കംപ്ലെയിന്റ് ലഭിച്ചിട്ടില്ല. ഇതിന്റെ അടിസ്ഥാനത്തിൽ ഇന്നയിന്ന വർക്കേഴ്സിന് ജോലി നിഷേധിച്ചിരിക്കുന്നു എന്ന വിധത്തിൽ ഒരു പരാതി വന്നാൽ അന്വേഷിച്ച് വേണ്ട നടപടിയെടുക്കാം.

(10) ഇരിങ്ങാലക്കുട റെയിൽവേ ഓവർബ്രിഡ്ജ്

ശ്രീ. ലോനപ്പൻ നമ്പാടൻ : സർ, മാള നിയോജകമണ്ഡലത്തിൽപ്പെട്ട ഇരിഞ്ഞാലക്കുട റെയിൽവേ സ്റ്റേഷനു അടുത്ത് പോട്ട-ഇരിഞ്ഞാലക്കുട പി. ഡബ്ലിയു. ഡി. റോഡിൽ കല്ലേറുംകരയിൽ ഒരു റെയിൽവേ മേൽപ്പാലം നിർമ്മിക്കണം. മുകുന്ദപുരം താലൂക്കിന്റെ ആസ്ഥാനമാണ് ഇരിഞ്ഞാലക്കുട പട്ടണം. ദിനംപ്രതി ആയിരക്കണക്കിനു വാഹനങ്ങൾ ഇതുവഴി കടന്നു പോകുന്നുണ്ട്. കേരളസർക്കാർ 37 റെയിൽവേ മേൽപ്പാലങ്ങളുടെ പ്രയോറിട്ടി ലിസ്റ്റ് കേന്ദ്രത്തിനു അയച്ചിട്ടുണ്ട്. എന്നാൽ കല്ലേറുംകര ഓവർബ്രിഡ്ജ് ഇതിലില്ല. മുൻസർക്കാരിന്റെ കാലത്ത് അപ്രോച്ച് റോഡിനു ബഡ്ജറ്റിൽ വകകൊള്ളിച്ചിരുന്നു. ഈ സർക്കാർ അതും ചെയ്തിട്ടില്ല. ജനങ്ങളുടെ ചിരകാലാഭിലാഷമായ ഈ മേൽപ്പാലം കേന്ദ്രഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തി അടിയന്തിരമായി നിർമ്മിക്കണം. മുഖ്യമന്ത്രിയുടെ മണ്ഡലത്തോടുള്ള ഈ അവഗണന അവസാനിപ്പിക്കണം.

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള) : സർ, ഇതിൽ ഗവൺമെന്റിനു ഒരു ചെറിയ കുഴപ്പം പറ്റി. ഇത് ഏതു പാലം ആണെന്നു ബഹുമാനപ്പെട്ട മെമ്പറുടെ കത്തിൽ ഇല്ലാത്തതുകൊണ്ട് ഏതിനെക്കുറിച്ചാണ് പറയേണ്ടതെന്ന് അന്വേഷിച്ച് നടക്കേണ്ട ഒരു സ്ഥിതി വന്നു. ഏതായാലും ഞാൻ ഇരിഞ്ഞാലക്കുടയ്ക്ക് പരിസരത്തുള്ള പാലങ്ങളെപ്പറ്റിയൊക്കെ അന്വേഷിച്ചു. കമ്മ്യൂണിക്കേഷന്റെ ബുദ്ധിമുട്ട്കൂടി ഉള്ളതുകൊണ്ട് വിവരം കഷ്ടിച്ചാണ് കിട്ടിയത്. ഏതായാലും 34 പാലങ്ങൾ 1984-ൽ തീരുമാനിച്ച കൂട്ടത്തിൽ ഈ പാലം ഇല്ല. റെയിൽവേയുടെ നിയമം അനുസരിച്ച് സ്റ്റേറ്റ് ഗവൺമെന്റിനു പാലം ഏറ്റെടുക്കണമെങ്കിൽ അതിന് ആവശ്യമായ മുഴുവൻ തുകയും അഡ്വാൻസായി കെട്ടിവയ്ക്കണം എന്നാണ്. നമ്മുടെ സംസ്ഥാന സർക്കാരിന്റെ ബഡ്ജറ്റിൽ ഇതിനു ആവശ്യമുള്ള തുക പി. ഡബ്ലിയു. ഡി. യുടെ കീഴിലുള്ള അക്കൗണ്ട് ഹെഡ്ഡിൽ നമ്മൾ ചേർക്കും. അങ്ങനെയും ഈ പാലങ്ങൾ ഒന്നും ചേർത്തിട്ടില്ല. ഇത് വളരെ പ്രധാനപ്പെട്ട ഒരു പാലമാണെന്ന് അന്വേഷണത്തിലും ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതിൽനിന്നും മനസ്സിലായി. ഇനി ഇതു സംബന്ധിച്ചുള്ള നടപടികൾ സ്വീകരിക്കേണ്ടിയിരിക്കുകയാണ്. ഇതുവരെയാതൊരു നടപടിയും സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല. അവിടത്തെ പാർലമെന്റു മെമ്പറും ഇക്കാര്യം ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഈവക കാര്യങ്ങൾ ശ്രദ്ധിക്കാനുള്ള നിർദ്ദേശങ്ങൾ ഗവൺമെന്റ് കൊടുക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly